ദൈവ കരുണയിൻ ധനമാഹാത്മ്യം

നാവാൽ വർണ്ണ്യമോ? –2

ദൈവസുതൻ പശുശാലയിൽ നരനായ്

അവതരിച്ചതു വെറും കഥയോ –2

ഭുവനമൊന്നാകെ ചമച്ചവനൊരു ചെറു

ഭവനവും ലഭിച്ചതില്ലെന്നോ –2 ദൈവ കരുണയിൻ ....

പരമസമ്പന്നനീ ധരണിയിലേറ്റം

ദരിദ്രനായ് തീർന്നു സ്വമനസ്സാ –2

നിരുപമപ്രഭയണിഞ്ഞിരുന്നവൻ പഴന്തുണി

ധരിച്ചതും ചെറിയ സംഗതിയോ –2 ദൈവ കരുണയിൻ....

അനുദിനമനവധിയനുഗ്രഹഭാരം

അനുഭവിച്ചൊരു ജനമവനു –2

കനിവൊരു കണികയുമെന്നിയേ നൽകിയ

കഴുമരം ചുമപ്പതു കാൺമിൻ –2 ദൈവ കരുണയിൻ....

കുരിശു ചുമന്നവൻ ഗിരിമുകളേറി

വിരിച്ചു കൈകാൽകളെയതിന്മേൽ –2

ശരിക്കിരുമ്പാണികൾ തറപ്പതിന്നായതു

സ്മരിക്കുകിൽ വിസ്മനീയം –2 ദൈവ കരുണയിൻ....

Daiva karunayin dhanamahathmyam naval varnyamo

daivasuthan pashusalayil naranay

avatharichathu verum kathayo

bhoovanamonnake chamachavanoru cheru

bhavanavum labhichathillenno

daiva karunayin....

paramasambannanee dharaniyilettam

daridranay theernnu swamanasa

nirupamaprabhayaninjirunnavan pazhanthuni

dharichathum cheriya sangathiyo

daiva karunayin....

anudinamanavadhiyanugrahabharam

anubhavichoru janamavanu

kanivoru kanikayumenniye nalkiya

kazhumaram chumappathu kanmin

daiva karunayin....

kurishu chumannavan girimukaleri

virichu kaikalkaleyathinmel

sharikkirumbanikal tharappathinayathu

smarikkukil vismayaneeyam

daiva karunayin....